**കേരള സർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**

**തമ്പാനൂർ, തിരുവനന്തപുരം-695001**

E-mail: ceekinfo.cee@kerala.gov.in

Telephone: 0471 – 2332120, 2338487

## **കീം -2026**

## **ഓൺലൈൻ പ്രവേശന പരീക്ഷ:**

## **വിദ്യാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ**

2026-27 അധ്യയന വർഷത്തെ എഞ്ചിനീയറിംഗ്,ഫാർമസി പ്രവേശന പരീക്ഷ 17.04.2026 **മുതൽ 22.04.2026 വരെ** നടത്താൻ നിശ്ചയിച്ചിരിക്കുകയാണ്. പ്രവേശന പരീക്ഷയ്ക്ക് ഓൺലൈനായി അപേക്ഷ സമർപ്പിച്ച എല്ലാ വിദ്യാർത്ഥികളും അവരവരുടെ **'Candidate Portal'** ലോഗിൻ ചെയ്ത്, ആപ്ലിക്കേഷൻ നമ്പറും പാസ്‌വേഡും നൽകി അഡ്മിറ്റ് കാർഡ് ഡൗൺലോഡ് ചെയ്യേണ്ടതാണ്.

**വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ട നിർദ്ദേശങ്ങൾ:**

1. പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത അഡ്മിറ്റ് കാർഡിൽ സൂചിപ്പിച്ചിരിക്കുന്ന സമയത്ത്, അഡ്മിറ്റ് കാർഡുമായി പരീക്ഷാ ദിവസം വിദ്യാർത്ഥികൾ പരീക്ഷാ കേന്ദ്രത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2. റിപ്പോർട്ടിംഗ് സമയം അവസാനിച്ച് കഴിഞ്ഞാൽ കമ്പ്യൂട്ടർ അധിഷ്ഠിത പരീക്ഷാ രീതി പരിചയപ്പെടുന്നതിനായി **മോക്ക് ടെസ്റ്റ്** (Mock Test) നടത്തുന്നതായിരിക്കും. തുടർന്ന് കമ്പ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷ നടക്കും.

3. ഒബ്ജക്റ്റീവ് മാതൃകയിലുള്ള എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് 3 **മണിക്കൂർ** ദൈർഘ്യവും 150 **മൾട്ടിപ്പിൾ ചോയ്സ്** (MCQ) ചോദ്യങ്ങളും, ഫാർമസി പ്രവേശന പരീക്ഷയ്ക്ക് 1.30 **മണിക്കൂർ** ദൈർഘ്യവും 75 **മൾട്ടിപ്പിൾ ചോയ്സ്** (MCQ) ചോദ്യങ്ങളും ഉണ്ടായിരിക്കും

4. പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച **തിരിച്ചറിയൽ രേഖ** (ആധാർ കാർഡ് / വോട്ടർ ഐഡി / ഡ്രൈവിംഗ് ലൈസൻസ് / പാൻ കാർഡ്,പാസ്പോർട്ട് ,തുടങ്ങിയവയിൽ ഏതെങ്കിലും ഒന്ന്) നിർബന്ധമായും കൊണ്ടുവരേണ്ടതാണ്.

5. കാൽക്കുലേറ്റർ, മൊബൈൽ ഫോൺ, സ്മാർട്ട് വാച്ച് തുടങ്ങിയ ഇലക്ട്രോണിക് ഉപകരണങ്ങൾ കൈവശം വെക്കാൻ പാടില്ല. പരീക്ഷാ കേന്ദ്രത്തിൽ റിപ്പോർട്ട് ചെയ്ത കഴിഞ്ഞാൽ പരീക്ഷ അവസാനിക്കുന്നതിന് മുൻപ് വിദ്യാർത്ഥികളെ പുറത്തുപോകാൻ അനുവദിക്കില്ല.

6. രക്ഷിതാക്കൾ ഓൺലൈൻ പരീക്ഷ നടക്കുന്ന കെട്ടിടത്തിനുള്ളിലേക്ക് പ്രവേശിക്കാൻ പാടുള്ളതല്ല.
7. പേന, പെൻസിൽ തുടങ്ങിയ അവശ്യ സാധനങ്ങൾ വിദ്യാർത്ഥികൾ കൈവശം കരുതേണ്ടതാണ്. ഇവ പരീക്ഷാഹാളിൽ വെച്ച് മറ്റുള്ളവരുമായി കൈമാറാൻ പാടില്ല.
8. വിദ്യാർത്ഥികൾ പരീക്ഷയ്ക്കായി അനുവദിച്ചിരിക്കുന്ന ഇരിപ്പിടത്തിൽ മാത്രമേ ഇരിക്കാൻ പാടുള്ളൂ.
9. ഇൻവിജിലേറ്റർമാരുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.
10. വിദ്യാർത്ഥികൾ പരീക്ഷയ്ക്കായി അഡ്മിറ്റ് കാർഡിൽ സൂചിപ്പിച്ചിട്ടുള്ള റിപ്പോർട്ടിംഗ് സമയത്ത് തന്നെ കേന്ദ്രത്തിൽ ഹാജരാകേണ്ടതാണ്.

പരീക്ഷാ സംബന്ധമായ കൂടുതൽ മാർഗ്ഗനിർദ്ദേശങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

**ഹെൽപ് ലൈൻ നമ്പർ : 0471 2332120**

തിരുവനന്തപുരം
14-04-2026

**പ്രവേശന പരീക്ഷാ കമ്മീഷണർ**

Digitally signed by
ARUN S NAIR
Date: 14-04-2026
13:51:39